# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2401 09.12.2014-ലെ മറുപടിക്ക്

## നികുതി പിരിവിന് പുതിയ സ്രോതസ്സുകൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| (എ) | സംസ്ഥാന സർക്കാർ നികുതി പിരിവിന് കണ്ടെത്തിയ പുതിയ പ്രധാന സ്രോതസ്സുകൾ എന്തെല്ലാം എന്നും ഇവയിൽ ഓരോ സ്രോതസ്സുകളിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ; | നിലവിലുള്ള നികുതി നിരക്കുകൾ കാലോചിതമായും യുക്തിസഹമായും പരിഷ്കരിച്ചുകൊണ്ട് അധിക വിഭവ സമാഹരണം നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) | ഇവയിൽ എത്ര തുക വീതം ഈ സാമ്പത്തിക വർഷം നാളിതുവരെ പിരിച്ചെടുത്തു ; ഇനി എത്ര തുക പിരിച്ചെടുക്കുവാനുണ്ട് ; പിരിച്ചെടുക്കുന്നതിൽ നികുതി വകുപ്പ് ഉദ്യോഗസ്ഥരിൽ ചിലർ അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ നടപ്പു വർഷം ഇത്തരം ഉദ്യോഗസ്ഥരിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും അവർ വഹിക്കുന്ന പദവി ഉൾപ്പെടെ വ്യക്തമാക്കുമോ ; | നിലവിലുള്ള നികുതി നിർദ്ദേശങ്ങൾ പ്രകാരം നികുതി പിരിവിൽ കാര്യമായ കുറവ് സംഭവിച്ചിട്ടില്ല. എന്നാൽ വർദ്ധനവിന്റെ തോതിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. നികുതി പിരിവിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി വാണിജ്യ നികുതി ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് കമ്മീഷണർമാർ ഉൾപ്പെടെ ഇരുപത്തിനാലോളം ഉദ്യോഗസ്ഥർക്കെതിരെ നടപടി കൈക്കൊണ്ടിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നികുതി നൽകാതെ കൊണ്ടുവരുന്ന ഉൽപന്നങ്ങൾ എപ്രകാരമുള്ളവയാണ് ; ചെക്ക് പോസ്റ്റുകളുടെ പ്രവർത്തന കാര്യക്ഷമതക്കുറവിന്റെ മറവിൽ മറ്റ് ഉൽപ്പന്നങ്ങൾ നികുതി വെട്ടിച്ച് സംസ്ഥാനത്ത് കൊണ്ടുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇത് പരിഹരിക്കാൻ സർക്കാർ എന്ത് അടിയന്തിര നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ; | ചെക്ക് പോസ്റ്റുകളിലെ പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇത് രേഖാപരിശോധനയിൽ ചുരുങ്ങാതെ, സെലക്ടീവായി വിശദമായ ഫിസിക്കൽ വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കുടാതെ ചെക്ക് പോസ്റ്റുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ ടേക്ക് ഓവറും, ഓവർ ചെക്കിംഗും ഉർജ്ജിതപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിനകത്തെ ചരക്ക് വാഹനങ്ങളുടെ പരിശോധനയും കർശനമാക്കിയിട്ടുണ്ട്. എക്കണോമിക് ഇന്റലിജൻസ് വിംഗ് പുറം ഏജൻസികളിൽ നിന്നും ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുകളുമായി ഒത്തുനോക്കി നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നുണ്ട്. നികുതി വെട്ടിപ്പിന് കൂടുതൽ സാദ്ധ്യതയുള്ള ചരക്കുകളിൽ മുൻകൂർ നികുതി ഏർപ്പെടുത്തുകയും ആയതിന്റെ തറവില സമയാസമയങ്ങളിൽ പുനർ നിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. കുടാതെ ആദായ നികുതി, കസ്റ്റംസ് തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി സഹകരിച്ച് 360 ഡിഗ്രി മോണിട്ടറിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നികുതി കുടിശ്ശിക റവന്യു റിക്കവറി നടപടികളിലൂടെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | കാര്യക്ഷമമായി നികുതി പിരിച്ച് സർക്കാർ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, ജനങ്ങളിൽ നിന്നും അധിക നികുതി ഈടാക്കുന്നത് നിർത്തലാക്കുവാനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ